# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 729 04/03/2020-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികളിൽ ജനാധിപത്യാവബോധം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി :** | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) വിദ്യാർത്ഥികളിൽ ജനാധിപത്യാവബോധം വർദ്ധിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി പാർലമെന്ററി അഫയേഴ്സ് വിഭാഗം എന്തെല്ലാം പരിപാടികളാണ് നടത്തി വരുന്നതെന്ന് അറിയിക്കുമോ; | (എ) വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പാർലമെന്ററി ജനാധിപത്യത്തെയും ജനാധിപത്യ പ്രക്രിയയെക്കുറിച്ചും അവബോധം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ കീഴിൽ സ്കൂളുകളിൽ യൂത്ത് പാർലമെന്റും കോളേജുകളിൽ മോഡൽ പാർലമെന്റും സംഘടിപ്പിച്ചു വരുന്നു. സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബുകളും ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബുകളും അനുവദിക്കുകയും അവയിലൂടെ കുട്ടികൾക്കിടയിൽ പാർലമെന്ററി അവബോധം സൃഷ്ടിക്കുന്ന വിധത്തിൽ ക്വിസ്സ് മത്സരങ്ങൾ, ഉപന്യാസ മത്സരങ്ങൾ, പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. സ്കൂളുകളിൽ ഭരണഘടന, പാർലമെന്ററി ജനാധിപത്യം, മനുഷ്യാവകാശം എന്നീ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. യുവജനങ്ങളെ ലക്ഷ്യമാക്കി കോളേജുകളിൽ മോഡൽ പാർലമെന്റിനു പുറമെ ഏകദിന, ദ്വിദിന സെമിനാറുകൾ സംഘടിപ്പിക്കുന്നു. യൂത്ത് പാർലമെന്റ് മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടു കുട്ടികൾക്ക് വീതം ഇന്ത്യൻ പാർലമെന്റും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും സന്ദർശിക്കുന്നതിനും ജനപ്രതിനിധികളുമായി സംവദിക്കുന്നതിനും അവസരം നൽകുന്നു. ഇവർക്കായി സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ കോളേജ് യൂണിയൻ ഭാരവാഹികൾക്ക് ഭരണഘടന, പാർലമെന്ററി ജനാധിപത്യം എന്നിവ സംബന്ധിച്ച ദ്വിദിന വർക്ഷോപ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

(ബി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് 2019-2020 വർഷത്തിൽ ഇത്തരം പരിപാടികൾ നടത്തിയിട്ടുള്ളത് എന്നറിയിക്കാമോ?

(ബി) 2019-2020 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിൽ താഴെപ്പറയുന്ന സ്കൂളുകളിൽ പരിപാടികൾ സംഘടിപ്പിച്ചു.

| ക്രമ നം. | പരിപാടി | സ്കൂൾ |
|---|---|---|
| 1 | യൂത്ത് പാർലമെന്റ് മത്സരം | GHSS, നടുവണ്ണൂർ<br>ഗവ. ഗേൾസ് HSS, ബാലുശ്ശേരി<br>തിരുവാങ്ങൂർ HSS<br>GVHSS ഫോർ ഗേൾസ്, നടക്കാവ്<br>സെന്റ് ജോസഫ് HSS, പുല്ലൂരം പാറ<br>സെന്റ് സെബാസ്റ്റ്യൻസ് HS പുന്നക്കൽ |
| 2 | പാർലമെന്ററി ലിറ്ററസി ക്ലബ്ബ് | ഗവ. ഗേൾസ് HSS, കൊയിലാണ്ടി |
| 3 | ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് | ഗവ. ഗേൾസ് HSS, കൊയിലാണ്ടി<br>സെന്റ് മേരീസ് HSS, കൂടത്തായി |
| 4 | സ്കൂൾ സെമിനാർ | GHSS, ബേപ്പൂർ |

Manu M

സെക്ഷൻ ഓഫീസർ